**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4857** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡ് സൗകര്യം നവീകരിക്കുന്നതിന് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും വിനോദസഞ്ചാര വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; എങ്കിൽ ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കാമോ; | (എ) | സാധാരണ ഗതിയിൽ സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് ഫണ്ട് അനുവദിക്കാറില്ല. ഇത്തരം ജോലികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, പൊതുമരാമത്ത് വകുപ്പോ ആണ് ചെയ്യുന്നത്. എന്നിരുന്നാലും ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി എന്ന നിലയിൽ വകുപ്പ് ചില പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിനായി 2016 മുതൽ നാളിതുവരെ വകുപ്പ് അനുവദിച്ച ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കാമോ? | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ